**പതിനാലാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4067 24.06.2019 -ലെ മറുപടിക്ക്**

**പട്ടികജാതി വിഭാഗത്തിലുള്ളവർക്ക് ഭവനങ്ങൾ നിർമ്മിക്കുന്നതിന്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എം. സ്വരാജ്** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി വിഭാഗത്തിലുള്ളവർക്കായി ഭവനങ്ങൾ നിർമ്മിക്കുന്നതിനും ഭൂമി വാങ്ങുന്നതിനുമായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം ഭൂമി വാങ്ങുന്നതിന് 65948.8 ലക്ഷം രൂപയും ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം വീട് വയ്ക്കുന്നതിന് 86789.92 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | ഇവയിൽ ലൈഫ് പദ്ധതി മുഖേന എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത് എന്ന് അറിയിക്കാമോ; | (ബി) | 2016-17, 2017-18, 2018-19 വർഷങ്ങളിൽ ലൈഫ് മിഷൻ പദ്ധതിയ്ക്കായി വകുപ്പ് മുഖേന തുക വകയിരുത്തിയിരുന്നില്ല. എന്നാൽ 2018-19 വർഷം ലൈഫ് മിഷൻ പദ്ധതി പ്രകാരം നിർമ്മിക്കുന്ന പട്ടികജാതി കുടുംബങ്ങളുടെ വീടിനായി 61.30 കോടി രൂപ വകുപ്പിന്റെ ഭവന നിർമ്മാണ ധനസഹായ പദ്ധതിയുടെ ശീർഷകത്തിൽ ( 2225-01-283-89(P)) നിന്നും അനുവദിച്ചു നൽകിയിരുന്നു. 2019-20 വർഷം ലൈഫ് മിഷന് വേണ്ടി ടി ശീർഷകത്തിൽ 400 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (സി) | അർഹരായ എല്ലാ പട്ടികജാതി വിഭാഗത്തിലെ കുടുംബങ്ങൾക്കും സ്വന്തമായി ഒരു വീട് എന്ന സ്വപ്നം എന്നത്തേക്ക് യാഥാർത്ഥ്യമാക്കുവാൻ സാധിക്കുമെന്ന് അറിയിക്കാമോ? | (സി) | സംസ്ഥാനത്തെ ഭവനരഹിതരായ മുഴുവൻ പട്ടികജാതി കുടുംബങ്ങൾക്കും ഈ സർക്കാരിന്റെ കാലയളവിൽ ലൈഫ് മിഷൻ മുഖേന വാസയോഗ്യമായ വീട് നിർമ്മിച്ച് നൽകുന്നതിന് ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ